Subhash S (Ex-Air Force)
Gallery
Poundkadavu
Valiyaveli-PO
Trivandrum-695021
Email: art@art-artist.in
Ph: 8075303289

To, 24.12.2018

The Chief Minister
The Director General of Police
The Director, Vigilance and Anti-Corruption Bureau
The City Police Commissioner, Trivandrum
The Asst. Commissioner of Police, Cybercity, Kazhakkuttom
The District Collector, Trivandrum

Sir,

Sub: E-Petition to implement the Noise Pollution (Regulation and Control) Rules, 2000 of the Hon. Supreme Court. **On this festival season 2019 in Thumba Police Station Limit**.

Ref:
1. www.art-artist.in/np.htm >> Link-13
2. www.art-artist.in/np.htm >> Link-16, 17
3. www.art-artist.in/np.htm >> Link-22
4. www.art-artist.in/np.htm >> E.ptn4982/2018
5. www.art-artist.in/rti.htm >> Sl.No.36
6. No. K11-110550/2018/PHQ dtd.29.9.2018

**സ്വഭവനത്തിൽ സൈ്വരമായി കഴിയാനുള്ള മനുഷ്യാവകാശം**

എന്റെ പരാതി സ്വീകരിച്ച് അടിയന്തിരമായി നടപടികൾ കൈക്കൊള്ളണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

2018 ൽ ACP, Cyber City, Kazhakkuttom, Trivandrum നൽകിയ ചില മൈക്ക് ഓർഡറുകളുടെ പകർപ്പുകൾ RTI Act പ്രകാരം ആവശ്യപ്പെടുകയും അവയിൽ താഴെപ്പറയുന്ന നിബന്ധനകൾ കാണപ്പെടുകയും ചെയ്തു, Ref-1 ൽ പൂർണ്ണമായ മൈക്ക് ഓർഡറുകൾ ലഭ്യ മാണ്.

1. **ഉച്ചഭാഷിണി ഉപയോഗിക്കാവുന്ന സ്ഥലം : ക്ഷേത്ര പരിസരത്ത് മാത്രം**
2. **സമയം : 6 am to 10 pm**
3. **അനുവദിച്ചിരിക്കുന്ന ശബ്ദപരിധി : 45 ഡെസിബെൽ**
4. **ആംപ്ലിഫയറിൽ നിന്നും ഉച്ചഭാഷിണി ഘടിപ്പിക്കാവുന്ന ദൂരപരിധി : 100 മീറ്റർ**
5. **അനുവദിച്ചിട്ടുള്ള ഉച്ചഭാഷിണികളുടെ എണ്ണം : 2 ബോക്സ് മാത്രം**

എന്നാൽ, ടി നിബന്ധനകൾ എല്ലാം ലംഘിച്ച് പല ദിക്കുകളിലായി കിലോമീറ്ററുകളോളം ദൂരത്ത്, അനേകം ഉച്ചഭാഷിണികൾ, സമയപരിധിയും ശബ്ദപരിധിയും ലംഘിച്ച് പ്രവർത്തിപ്പിക്കുകയും ആബാല വൃദ്ധം ജനങ്ങളേയും പീഢിപ്പിക്കുകയും ചെയ്തു.

ഇത്തവണ 2019 ൽ ഇപ്രകാരം **Dy SP and above** നൽകുന്ന മൈക്ക് ഓർഡറുകളിലെ നിബന്ധനകൾ അതേപടി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് Shadow Police / Squad /

Dy SP and above Ranked Police Officials കർശന പരിശോധനകളും നടപടികളും സ്വീകരിക്കേണ്ടതാണ്.

ലംഘനം നടക്കുന്ന സ്ഥലത്ത് പോയി തടസ്സം ഉണ്ടാക്കി അനാവശ്യമായ സംഘർഷം സൃഷ്ടിക്കാതെ രഹസ്യമായി തെളിവുകൾ ശേഖരിച്ച് നിബന്ധനകൾ പാലിക്കാത്ത കുറ്റക്കാരായ മൈക്ക് സെറ്റ് ഉടമകൾക്കെതിരെ **Noise Pollution (Regulation and Control) Rules, 2000 പ്രകാരം ഒരു ലക്ഷം രൂപ വരെ പിഴയോ, അഞ്ച് വർഷം വരെ തടവോ, രണ്ടും കൂടിയോ എന്ന ശിക്ഷ ലഭ്യമാക്കുന്നതിന് Dy SP and above Ranked Police Officials കേസ് രജിസ്റ്റർ ചെയ്ത് കോടതിയിൽ അയക്കേണ്ടതാണ്.**

**100 മീറ്റർ ദൂരപരിധി വരെ 2 ബോക്സുകൾക്ക് ഫീസ് വാങ്ങി Dy SP and above അനുമതി നൽകിയശേഷം, ഫീസ് വാങ്ങാതെ അഴിമതിയിലൂടെ 20 ലേറെ ബോക്സുകളും കോളാമ്പികളും ഉപയോഗിച്ച് ആബാല വൃദ്ധം ജനങ്ങളേയും പീഢിപ്പിക്കാൻ രാജ്യദ്രോഹികൾക്ക് മൗനാനുമതി നൽകുന്നത്** ആരാണെന്ന് രഹസ്യമായി സ്ഥലപരിശോധനയും, മൈക്ക് ഓർഡർ പരിശോധനയും നടത്തി കണ്ടുപിടിക്കേണ്ടതും ടി ഉദ്യോഗസ്ഥർക്കെതിരെ, Ref-2 ലെ G.O.(P) No. 65/92/Vig. Section 6 പ്രകാരം Vigilance and Anti-Corruption Bureau സ്വമേധയാ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

Thumba Police Station Limit ൽ Ref-1 ലെ പോലീസ് നൽകിയ മൈക്ക് ഓർഡറുകളിലെ നിബന്ധനകൾപാലിക്കാത്ത മൈക്ക് സെറ്റ് ഉടമയ്ക്കെതിരെ കഴിഞ്ഞ ഉത്സവകാലത്ത് മതിയായ തെളിവ് സഹിതം അനേകം പരാതികൾ (Ref-5) സമർപ്പിച്ചത് പ്രകാരം കേസെടുക്കാനായി എന്നെ Thumba Police Station ൽ വിളിപ്പിച്ച് മൊഴിയെടുത്തശേഷം കബളിപ്പിച്ച് കേസ് രജിസ്റ്റർ ചെയ്യാതെ കുറ്റക്കാരനെ സംരക്ഷിക്കുകയാണ് ചെയ്തത്.

രാജ്യത്തെ നിയമങ്ങൾ അനുസരിക്കാത്ത രാജ്യദ്രോഹികളും, കുറ്റക്കാരുമായ മൈക്ക് സെറ്റ് ഉടമകൾ നിയമവിരുദ്ധമായി ഉച്ചഭാഷിണികൾ ഉപയോഗിച്ച് ആബാലവൃദ്ധം ജനങ്ങളേയും പീഢിപ്പിച്ച് വിവിധ ജീവിതശൈലി രോഗങ്ങൾക്കിരയാക്കി ഇഞ്ചിഞ്ചായി കൊല്ലുന്നു. പൊതുജനങ്ങളെ നിയമവിരുദ്ധ ഉച്ചഭാഷിണികൾ ഉപയോഗിച്ച് Sedate ചെയ്യാൻ മൈക്ക് സെറ്റ് ഉടമകൾക്ക് എന്തവകാശം? **പോലീസ് എന്ത്കൊണ്ട് അവർക്ക് പിൻതുണയും സഹായവും നൽകുന്നു?**

9.2.2018 തീയതിയായി ഞാൻ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച അപേക്ഷയുടെ ഫലമായി നിയമവിരുദ്ധമായി ഉച്ചഭാഷിണികൾ ഉപയോഗിക്കുന്നവർക്കെതിരെ നടപടിയെടുക്കാൻ തിരു. ജില്ലാ കളക്ടർ കെ. വാസുകി Squad രൂപീകരിച്ചു, എന്നാൽ പോലീസിന്റെ നിസ്സഹകരണം കാരണം അത് അട്ടിമറിക്കപ്പെട്ടു. ഇത്തവണയും Squad രൂപീകരിക്കുമെന്നും പൊതുജനങ്ങൾക്ക് പരാതി അറിയിക്കാൻ ഫോൺ നമ്പർ മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തുമെന്നും കരുതുന്നു.

ആരാ-ധനാലയങ്ങളിൽ കുമിഞ്ഞ്കൂടുന്ന പണം വെട്ടിക്കുന്നവർക്കും അതിൽ നിന്നും പങ്ക് പറ്റുന്നവർക്കും അല്ലാതെ മറ്റുള്ളവർക്കാക്കും തന്നെ ഈ നിയമവിരുദ്ധ ഉച്ചഭാഷിണികൾ കൊണ്ട് ദോഷമല്ലാതെ യാതൊരു പ്രയോജനവുമില്ല. കൂടാതെ അനേകം വിദ്യാർത്ഥികൾ പരീക്ഷകൾക്കുള്ള തയ്യാറെടുപ്പിലുമാണ്.

മേൽപ്പറഞ്ഞ കാര്യങ്ങൾ ഗൗരവമായെടുത്ത് 2019 ലെ ഉത്സവകാലത്ത്, Noise Pollution (Regulation and Control) Rules, 2000 പ്രകാരം പോലീസ് നൽകുന്ന മൈക്ക് ഓർഡറുകളിലെ നിബന്ധനകൾ 100% അതേപടി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

Yours truly,

(Subhash S)